# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*609 29.07.2015 ൽ മറുപടിക്ക്

## ജലഗതാഗതയാനങ്ങളുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>,, സി.മോയിൻ കുട്ടി<br>,, എം.ഉമ്മർ<br>,, സി.മമ്മൂട്ടി : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിന്റെ ജലഗതാഗത യാനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ജലഗതാഗത വകുപ്പിന്റെ എല്ലാ ജലയാനങ്ങളും Kerala Inland Vessel Rules 2010 (KIV) അനുശാസിക്കുന്ന എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണ് സർവ്വീസ് നടത്തി വരുന്നത്. വകുപ്പ് വക ബോട്ടുകളിൽ യാത്രക്കാരുടെയും, ജീവനക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ലൈഫ്ബോയ്, ബോയന്റ് അപ്പാരറ്റസ്, ഫയർ എക്സ്റ്റിംഗ്യൂഷർ എന്നീ സുരക്ഷാ ഉപകരണങ്ങളും, എല്ലാ യാത്രികർക്കും ലൈഫ് ജാക്കറ്റും സജ്ജീകരിച്ചിട്ടുണ്ട്. ബോട്ട് യാത്രക്കാർക്കും, ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും, ബോട്ടുകൾക്ക് തേർഡ്പാർട്ടി ഇൻഷ്വറൻസും സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് വഴി ഉറപ്പ് വരുത്തിയിട്ടുണ്ട്. തുറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നസ് പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വകുപ്പിന്റെ എല്ലാ ബോട്ടുകളും സർവ്വീസ് നടത്തി വരുന്നത്. |

| | | | |
|---|---|---|---|
| (ബി) | ജലഗതാഗത വകുപ്പിന്റെ കീഴിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ പലതും കാലപ്പഴക്കംചെന്നും അറ്റകുറ്റപ്പണി നടത്താതെയും അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) യും (സി) യും | ഇല്ല. തുറമുഖ വകുപ്പിന്റെ കൃത്യമായ ഫിറ്റ്നസ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച ബോട്ടുകൾ മാത്രമാണ് സർവ്വീസ് നടത്തിപ്പിന് ഉപയോഗിക്കുന്നത്. വകുപ്പിന് രണ്ട് യാർഡുകളാണ് നിലവിലുള്ളത്. ടി യാർഡുകൾ നവീകരിച്ച് മൈനർ അറ്റകുറ്റപ്പണികൾ, വകുപ്പ്, സ്വന്തം നിലയിൽ ചെയ്തു വരുന്നുണ്ട്. മേജർറിപ്പയറുകൾക്കായി ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ കേരളത്തിൽ ആദ്യമായി 4 ബോട്ടുകൾ ഒരേ സമയം മേജർറിപ്പയർ ചെയ്യാവുന്ന ഡ്രൈ ഡോക്കിന്റെയും 4 ബോട്ടുകൾ കയറ്റാവുന്ന സ്ലിപ്‌വേയുടെയും പണികൾ പൂർത്തീകരിച്ച് വരുകയാണ്. റിപ്പയർവിഭാഗത്തിൽ വിവിധ കാറ്റഗറികളിലായി പുതിയതായി 20 തസ്തികകൾ അനുവദിച്ച് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇവയുടെ പരിശോധനയ്ക്കും റിപ്പയറിംഗിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ